**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3282** **13-07-2022 - ൽ മറുപടിയ്ക്ക്**

**മരവട്ടം-കാടാമ്പുഴ 110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ നിയോജകമണ്ഡലത്തിലെ മരവട്ടം-കാടാമ്പുഴ 110 കെ.വി.സബ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | മലപ്പുറം ജില്ലയിലെ മേൽമുറി വില്ലേജിൽ ഉൾപ്പെട്ട 116.19 സെന്റ് ഭൂമി മരവട്ടം-കാടാമ്പുഴ110 കെ.വി സബ് സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരം ഏറ്റെടുക്കുന്നതിന് 08.01.2021 ലെ സ.ഉ(ആർ.റ്റി) നമ്പർ 85/2021/റവ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തികൊണ്ടുള്ള 4(1) വിജ്ഞാപനം 25.11.2021 ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 3488 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും അന്തിമ റിപ്പോർട്ട് 10.01.2022 ന് സമർപ്പിച്ചിട്ടുള്ളതുമാണ്. സാമൂഹ്യ പ്രത്യാഘാത പഠനം വിലയിരുത്തുന്നതിനായി വിദഗ്ധ സമിതി രൂപീകരിക്കുകയും വിദഗ്ദ്ധ സമിതി പഠനം നടത്തി വരികയും ചെയ്യുന്നു. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം എന്താണെന്നും സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ഇനി എന്തെല്ലാം നടപടികൾ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കുമോ? | (ബി) | 2013 ലെ RFCT LARR Act അനുശാസിക്കും പ്രകാരമുള്ള നടപടി ക്രമങ്ങൾ നടത്തേണ്ടത് മൂലമാണ് കാലതാമസം ഉണ്ടാകുന്നത്. നിശ്ചിത സമയപരിധിക്കുള്ളിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ